# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഒക്കൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ ഇ.കെ എം(പി2)990 /21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 03/09/2021
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഒക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഒക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ ഇ.കെ എം(പി2)990 /21 തീയ്യതി: 03/09/2021

## എറണാകുളം ജില്ലയിലെ ഒക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ഒക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-07-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിനോദ് കെ കെ | ഡെപ്യൂട്ടി ഡയറക്ടർ | 15-07-2021 | 16-07-2021 |
| ഷാജിമോൻ കെ എ | ഡെപ്യൂട്ടി ഡയറക്ടർ | 19-07-2021 | 29-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-07-2021 | 29-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ഷേർളി ജോസഫ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)

2.സന്തോഷ കുമാർ കെ വ।, അസ।സ്റ്റനറ ഓഡ।റ്റ ഓഫ।സർ
3.പ്രസാദ് പി ജി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
4.ഷൈബി ഇ ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
5.സറീന പി എ, സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രമ ബാബു | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ വി എസ് സുരേഷ്ബാബു | സെക്രട്ടറി | 01-04-2019 | 26-07-2019 |
| ശ്രീ മുഹമ്മദ് സിറാജ് പി എ | സെക്രട്ടറി | 27-07-2019 | 14-11-2019 |
| ശ്രീമതി ജിജി ബി, അസി.സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 15-11-2019 | 01-12-2019 |
| | | 24-02-2020 | 05-03-2020 |
| ശ്രീമതി ദീപാകുമാരി എം കെ | സെക്രട്ടറി | 02-12-2019 | 23-02-2020 |
| | | 06-03-2020 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ മധുസൂദനൻ ടി ജി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 15-07-2019 |
| ശ്രീമതി ജിജി ബി | അസിസ്റ്റന്റ് സെക്രട്ടറി | 24-07-2019 | 31-03-2020 |
| ശ്രീമതി മഞ്ജു കെ ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി ബീതി ബാലചന്ദ്രൻ | കൃഷി ഓഫീസർ | 01-04-2019 | 03-10-2019 |
| ശ്രീമതി അമീര ബീഗം | കൃഷി ഓഫീസർ | 04-10-2019 | 31-03-2020 |
| ഡോ.രഞ്ജു ആന്റണി | വെറ്റിനറി സർജൻ | 01-04-2019 | 13-08-2019 |
| ഡോ.ശൈലേഷ് | വെറ്റിനറി സർജൻ | 14-08-2019 | 31-03-2020 |
| ഡോ.ഗൗരികൃപ | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2019 | 31-03-2020 |
| ഡോ.ധയാനമോൾ പി വി | മെഡിക്കൽ ഓഫീസർ, | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | ഹോമിയോ | | |
| ഡോ.സുശീല ആർ | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2019 | 31-03-2020 |
| ശ്രീ.അലിയാർ | ഹെഡ്മാസ്റ്റർ, ജി എൽ പി എസ് | 01-03-2019 | 22-10-2019 |
| ശ്രീമതി. ജയശ്രീ | ഹെഡ്മാസ്റ്റർ, ജി എൽ പി എസ് | 23-10-2019 | 31-03-2020 |
| ശ്രീ.രഞ്ജിത്ത് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 08-08-2019 |
| ശ്രീമതി സിജി വർഗീസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 09-08-2019 | 31-03-2020 |
| ശ്രീമതി പ്രതിഭ മത്തായി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 27-11-2019 |
| ശ്രീമതി ബിന്ദു | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 28-11-2019 | 31-03-2020 |
| ശ്രീമതി സൂര്യ പി സി | വി ഇ ഒ, പെരുമ്പാവൂർ | 01-04-2019 | 31-03-2020 |
| ശ്രീമതി ജാസ്മിൻ പി | വി ഇ ഒ, ഒക്കൽ | 01-04-2019 | 12-11-2019 |
| ശ്രീമതി സൂര്യ പി സി | വി ഇ ഒ, ഒക്കൽ (അഡീഷണൽ ചാർജ്) | 13-11-2019 | 31-03-2020 |

16.07.2019 മുതൽ 23.07.2019 വരെ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക ഒഴിവ് ആണ്

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sherly Joseph (Audit Officer (HG), On 26-07-2021)<br>Last Updated By: Bindu L (Computer Assistant, On 13-08-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Shaiby.E.D (Senior Grade Auditor, On 27-07-2021)<br>Last Updated By: Bindu L (Computer Assistant, On 13-08-2021) | 1-2 |
| 3 | വാർഷികധനകാര്യ പത്രികയിലെ അപാകതകൾ<br>Written By: Shaiby.E.D (Senior Grade Auditor, On 28-07-2021)<br>Last Updated By: Bindu L (Computer Assistant, On 27-08-2021) | 1-3 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Shaiby.E.D (Senior Grade Auditor, On 17-07-2021)<br>Last Updated By: Bindu L (Computer Assistant, On 27-08-2021) | 1-4 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Shaiby.E.D (Senior Grade Auditor, On 26-07-2021)<br>Last Updated By: Bindu L (Computer Assistant, On 27-08-2021) | 1-5 |
| 6 | പദ്ധതി അവലോകനം<br>Written By: Shaiby.E.D (Senior Grade Auditor, On 21-07-2021)<br>Last Updated By: Bindu L (Computer Assistant, On 13-08-2021) | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shaiby.E.D (Senior Grade Auditor, On 26-07-2021)<br>Last Updated By: Bindu L (Computer Assistant, On 13-08-2021) | 1-7 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Shaiby.E.D (Senior Grade Auditor, On 17-07-2021)<br>Last Updated By: Bindu L (Computer Assistant, On 13-08-2021) | 1-8 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Sareena .P.A (Senior Grade Auditor, On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 13-08-2021) | 1-9 |
| 10 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ്<br>Written By: Sherly Joseph (Audit Officer (HG), On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 27-08-2021) | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Shaiby.E.D (Senior Grade Auditor, On 17-07-2021)<br>Last Updated By: Bindu L (Computer Assistant, On 13-08-2021) | 1-11 |
| 12 | ദുരന്തനിവാരണ ആസൂത്രണരേഖ<br>Written By: Sherly Joseph (Audit Officer (HG), On 26-07-2021)<br>Last Updated By: Bindu L (Computer Assistant, On 13-08-2021) | 1-12 |
| 13 | ദുരിതാശ്വാസനിധി<br>Written By: Sherly Joseph (Audit Officer (HG), On 26-07-2021)<br>Last Updated By: Bindu L (Computer Assistant, On 13-08-2021) | 1-13 |
| 14 | വിവരാവകാശം<br>Written By: Sherly Joseph (Audit Officer (HG), On 27-07-2021)<br>Last Updated By: Bindu L (Computer Assistant, On 13-08-2021) | 1-14 |
| 15 | സേവനാവകാശം<br>Written By: Sherly Joseph (Audit Officer (HG), On 27-07-2021)<br>Last Updated By: Bindu L (Computer Assistant, On 13-08-2021) | 1-14-1 |
| 16 | പൗരാവകാശരേഖ<br>Written By: Sherly Joseph (Audit Officer (HG), On 27-07-2021)<br>Last Updated By: Bindu L (Computer Assistant, On 13-08-2021) | 1-14-2 |
| 17 | ഗ്രാമസഭായോഗം-വ്യവസ്ഥകൾ പാലിക്കുന്നില്ല<br>Written By: Shaiby.E.D (Senior Grade Auditor, On 25-07-2021)<br>Last Updated By: Bindu L (Computer Assistant, On 13-08-2021) | 1-15 |
| 18 | തൊഴിൽ നികുതി അപാകതകൾ<br>Written By: Sareena .P.A (Senior Grade Auditor, On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 13-08-2021) | 1-16 |

| | | |
|---|---|---|
| 19 | മെന്‌റേഴ്സ് ക്യാമ്പ്- കിലയിൽ നിന്ന് തുക റീ ഇംബേഴ്സ് ചെയ്തില്ല<br>Written By: Sherly Joseph (Audit Officer (HG), On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 13-08-2021) | 1-17 |
| 20 | കന്നുകുട്ടി പരിപാലനം -അപാകത<br>Written By: K.V.Santhosh Kumar (Asst. Audit Officer, On 28-07-2021)<br>Last Updated By: Bindu L (Computer Assistant, On 13-08-2021) | 1-18 |
| 21 | പാലിന് സബ്സിഡി-വകയിരുത്തുന്ന തുക അപര്യാപ്തം<br>Written By: Shaiby.E.D (Senior Grade Auditor, On 25-07-2021)<br>Last Updated By: Bindu L (Computer Assistant, On 13-08-2021) | 1-19 |
| 22 | പി എച്ച് സി ,എഫ് എച്ച് സി ആക്കൽ- അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്<br>Written By: Shaiby.E.D (Senior Grade Auditor, On 27-07-2021)<br>Last Updated By: Bindu L (Computer Assistant, On 13-08-2021) | 1-20 |
| 23 | തുല്യതാപരീക്ഷ-രേഖകൾ ഹാജരാക്കിയില്ല<br>Written By: Shaiby.E.D (Senior Grade Auditor, On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 13-08-2021) | 1-21 |
| 24 | സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം-സംയുക്തപരിശോധന നടത്തിയിട്ടില്ല.<br>Written By: Sherly Joseph (Audit Officer (HG), On 28-07-2021)<br>Last Updated By: Bindu L (Computer Assistant, On 13-08-2021) | 1-22 |
| 25 | പഞ്ചായത്തിൽ സോളാർ പാനൽ സ്ഥാപിക്കൽ-പദ്ധതി നടപ്പാക്കിയില്ല<br>Written By: Prasad P G (Asst. Audit Officer, On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 13-08-2021) | 1-23 |
| 26 | ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങൽ<br>Written By: Shaiby.E.D (Senior Grade Auditor, On 27-07-2021)<br>Last Updated By: Bindu L (Computer Assistant, On 13-08-2021) | 1-24 |
| 27 | മരം വെട്ടിയതിന് കൂലി നൽകിയത്-തിരികെ ലഭിച്ചില്ല<br>Written By: Sherly Joseph (Audit Officer (HG), On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 13-08-2021) | 1-25 |
| **ഭാഗം 2** | | |
| 1 | തൊഴിൽ നികുതി ഈടാക്കിയതിൽ 2850/-കുറവ്<br>Written By: Sherly Joseph (Audit Officer (HG), On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 13-08-2021) | 2-1 |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Shaiby.E.D (Senior Grade Auditor, On 17-07-2021)<br>Last Updated By: Bindu L (Computer Assistant, On 13-08-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shaiby.E.D (Senior Grade Auditor, On 21-07-2021)<br>Last Updated By: Bindu L (Computer Assistant, On 13-08-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Shaiby.E.D (Senior Grade Auditor, On 18-07-2021)<br>Last Updated By: Bindu L (Computer Assistant, On 13-08-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Shaiby.E.D (Senior Grade Auditor, On 17-07-2021)<br>Last Updated By: Bindu L (Computer Assistant, On 13-08-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Shaiby.E.D (Senior Grade Auditor, On 26-07-2021)<br>Last Updated By: Bindu L (Computer Assistant, On 13-08-2021) | 4-5 |

| | | |
|---|---|---|
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Shaiby.E.D (Senior Grade Auditor, On 24-07-2021)<br>Last Updated By: Bindu L (Computer Assistant, On 13-08-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shaiby.E.D (Senior Grade Auditor, On 25-07-2021)<br>Last Updated By: Bindu L (Computer Assistant, On 13-08-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Shaiby.E.D (Senior Grade Auditor, On 25-07-2021)<br>Last Updated By: Bindu L (Computer Assistant, On 13-08-2021) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Shaiby.E.D (Senior Grade Auditor, On 25-07-2021)<br>Last Updated By: Bindu L (Computer Assistant, On 13-08-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shaiby.E.D (Senior Grade Auditor, On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 13-08-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shaiby.E.D (Senior Grade Auditor, On 17-07-2021)<br>Last Updated By: Bindu L (Computer Assistant, On 13-08-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 02.03.2019ലെ 1(1)നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 20.02.2019 തീയതിയിൽ തന്നെ ബജററ് തയ്യാറാക്കി അംഗീകരിച്ചിരുന്നു. സ്ഥാപനത്തിന്റെ 2019-20 ലെ പുതുക്കിയ ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 09.03.2020 ലെ 2-ാംതീരുമാന പ്രകാരവും ഭരണസമിതി 24.03.2020 ലെ 2(1) തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കൃത്യമായ ഫയൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബജറ്റ് നിർദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല

2019-20 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് | ബജറ്റ്(റിവൈസ്ഡ്) | യഥാർത്ഥത്തിലുള്ളത് |
|---|---|---|---|
| മുന്നിരിപ്പ് | 9408380.00 | 551210.00 | 14625155.00 |
| വരവ് | 193448100.00 | 160767927.00 | 43552397.00 |
| ആകെ | 202856480.00 | 161319137.00 | 58177552.00 |
| ചെലവ് | 197917480.00 | 160141867.00 | 43487387.00 |
| നീക്കിയിരിപ്പ് | 4939000.00 | 1177270.00 | 14690165.00 |

ബജറ്റ്, ബജറ്റ്(റിവൈസ്ഡ്), യഥാർത്ഥ വരവ് ചെലവ് എന്നിവ താരതമ്യം ചെയ്യുന്നതിൽ നിന്നും ബജറ്റും റിവൈസ്ഡ്ബജറ്റും യഥാർത്ഥ വരവ് ചെലവിൽനിന്നും വളരെയധികം വ്യതാസപ്പെട്ടിരിക്കുന്നതായി കാണാം. ബജറ്റ് തയ്യാറാക്കുന്നതിൽ യാഥാർത്ഥ്യ ബോധത്തോടു കൂടിയുള്ള അവലോകനം ഉണ്ടായിട്ടില്ല എന്ന് ഇത് വ്യക്തമാക്കുന്നു.

ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. ബജറ്റ് തയ്യാറാക്കുന്നതും തുടർ നടപടികൾ അവലോകനം നടത്തുന്നതുമായും ബന്ധപ്പെട്ട വിവരങ്ങൾ അടങ്ങുന്ന കൃത്യമായ ഫയൽ സൂക്ഷിക്കുന്നില്ല.

2. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.12.2016 ലെ ജി.ഒ.(ആർ.ടി.)3291/2016 നമ്പരായി പ്രസിദ്ധീകരിച്ച ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വലിലെ ഖണ്ഡിക 3.1.4, 3.1.5 എന്നിവ പ്രകാരം തയ്യാറാക്കേണ്ട പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.

3. ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയിട്ടില്ല. കൂടാതെ, വർഷാവസാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബജറ്റിന്റെ വാർഷിക അവലോകനവും (ഖണ്ഡിക 4.5) നടത്തിയതായി കാണുന്നില്ല.

4. ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായ് പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2019-20 ലെ പഞ്ചായത്ത് ബജറ്റ് 2019 ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല.

5. നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൌണ്ടിംഗ് സോഫ്റ്റ് വെയർ പ്രകാരം സാധ്യമാകുന്നില്ല. അതിനാൽ ബജറ്റ് അലോട്ട്മെന്റിൽ അധികരിച്ച് ചെയ്യുന്ന ചെലവുകൾ നിയന്ത്രിക്കുന്നതിനോ, ബജറ്റ് അലോട്ട്മെന്റ് ഇല്ലാത്ത ഇനങ്ങൾക്ക് ചെലവ് ചെയ്യുന്നത് തടയുന്നതിനോ നിലവിൽ സാധിക്കുന്നില്ല. അക്കൌണ്ടിംഗ് സോഫ്റ്റ് വെയറായ സാംഖ്യയുമായി ബജറ്റ് ലിങ്ക് ചെയ്തിട്ടില്ലാത്തതിനാൽ ഗ്രാമ പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ഒരു ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതായി കാണുന്നില്ല.

ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും കൃത്യമായ ഫയൽ സൂക്ഷിക്കേണ്ടതും അക്കൌണ്ടിംഗ് സോഫ്റ്റ് വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 09-07-2020 |

## 1-3 വാർഷികധനകാര്യ പത്രികയിലെ അപാകതകൾ

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

2. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 65010/-രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 62,24,856/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

4) സഞ്ചയ പ്രകാരമുള്ള കുടിശ്ശിക കെട്ടിട നികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സാംഖ്യ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുത്തുന്നതിനായി 95763/- രൂപ റസിഡെൻഷ്യൽ വസ്തുനികുതി ഇനത്തിലും 1,45,350/- രൂപ നോൺ റസിഡെൻഷ്യൽ വസ്തുനികുതി ഇനത്തിലും ബുക്ക് അഡ്ജസ്റ്റ്മെന്റ് നടത്തിയതായി കാണുന്നു. ഇത്തരത്തിൽ ഡിമാന്റിൽ വ്യത്യാസം വന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കി വ്യത്യാസം ഏതേതു കെട്ടിട നമ്പരുമായി ബന്ധപ്പെട്ടതാണ് എന്ന വിശദാംശം ലഭ്യമാക്കിയിട്ടില്ല.

5) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 26.05.2011ലെ സർക്കുലർ നമ്പർ 58725/എഫ്.എം3/2008 /ത.സ്വ.ഭ.വ പ്രകാരം തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ അഭികാമ്യമല്ല. തനത് വരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ഒരു ദേശസാത്കൃത ബാങ്ക് അല്ലായെങ്കിൽ സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. പഞ്ചായത്തിലെ തനത് വരുമാനം ഒക്കൽ സർവീസ് സഹകരണ ബാങ്ക്, ചേരാനല്ലൂർ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ എന്നിങ്ങനെ മൂന്ന് അക്കൗണ്ടുകളിലായാണ് നിക്ഷേപിക്കുന്നത്.

6) ബാലൻസ് ഷീറ്റ് ബി11 ഷെഡ്യൂൾ പ്രകാരം 17 ഹെഡുകളിലായി ആസ്തികൾ അക്കൗണ്ട് ചെയ്തിട്ടുണ്ട് എങ്കിലും അക്യുമുലേറ്റഡ് ഡിപ്രസിയേഷൻ 10ഹെഡുകളിലായി ആണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. വിവിധ ഡിപ്രസിയേഷൻ റേറ്റുകളുള്ള പല ആസ്തികളുടെയും ഡിപ്രസിയേഷൻ അദർ ഫിക്സഡ് അസറ്റ് എന്ന ഹെഡിലാണ് ചേർത്തിരിക്കുന്നത്. എല്ലാ ആസ്തികൾക്കും കറസ്പോണ്ടിംഗ് ഡിപ്രിസിയേഷൻ ഹെഡ് സോഫ്റ്റ്വെയറിൽ ലഭ്യമല്ലാത്തതിനാലാണ് ഇതെന്നാണ് പഞ്ചായത്ത് വിശദീകരിച്ചത്.

7) ജോയിന്റ് വെഞ്ചർ-എസ് റ്റി എസ് ബി അക്കൗണ്ടിലെ നീക്കിയിരിപ്പ് 8,75,721/- രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 4 പ്രകാരം ജോയിന്റ് വെഞ്ചർ പദ്ധതികൾക്കായി 9,43,667/- രൂപ നീക്കിയിരിപ്പുണ്ട്. ജോയിന്റ് വെഞ്ചറിനുള്ള കുറെ തുക തനത് ഫണ്ട് അക്കൗണ്ടിലും സൂക്ഷിച്ചിട്ടുള്ളതിനാലാണ് ഈ വ്യത്യാസം എന്ന് ഇത് സംബന്ധിച്ച് നൽകിയ 27.07.2021 ലെ 5ാം നമ്പർ എൻക്വയറിക്ക് മറുപടി നൽകിയത്.

8). ദുരിതാശ്വാസനിധി അക്കൗണ്ടിൽ പാസ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 24,965/- രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി -2 പ്രകാരം 34,965/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ദുരിതാശ്വാസനിധിയിലെ വരവ് 10,000/- രൂപ തനത് ഫണ്ടിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ഈ തുക ക്രമീകരിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്.

9) ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ തിട്ടപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14625155 |
| വരവ് | 43552397 |
| ആകെ | 58177552 |
| ചെലവ് | 43487387 |
| നീക്കിയിരിപ്പ് | 14690165 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (എ.സി.ആർ പ്രകാരം) | ആകെ | ചെലവ് (എ.സി. ആർ പ്രകാരം) | നീക്കി ബാക്കി/ ലാപ്സായ തുക |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 16882511 | 16882511 | 8217563 | 8664948 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 4082294 | 4082294 | 1395397 | 2686897 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 79000 | 79000 | 39500 | 39500 |
| സംരക്ഷണ ഗ്രാൻറ് (റോഡ്) | 0 | 7548000 | 7548000 | 73470 | 7474530 |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | 0 | 3341000 | 3341000 | 1761977 | 1579023 |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 8601120 | 8601120 | 23047 | 8578073 |
| എം ജി എൻ ആർ ഇ ജി എസ് - ഭരണച്ചെലവ് | 8091 | 1077340 | 1085431 | 1069149 | 16282 |
| എം ജി എൻ ആർ ഇ ജി എസ് - വേതനം | | 17594808 | 17594808 | 17594808 | |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| ഖരമാലിന്യ സംസ്കരണം | 1000000 | 0 | 1000000 | 0 | 1000000 |
| ഐ.സി.ഡി.എസ് | 1226469 | 742701 | 1969170 | 100000 | 1869170 |
| ടോട്ടൽ സാനിട്ടേഷൻ | 122594 | 2553 | 125147 | 125147 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| ലൈഫ് പദ്ധതി | 0 | 2340000 | 2340000 | 1660000 | 680000 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 221 | 95068422 | 89 | 24883173 | 5 | 127 | 40.2% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 8091 | 1077340 | 1085431 | 1069149 | 16282 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 17594808 | 17594808 | 17594808 | -- |
| ആകെ | 8091 | 18672148 | 18680239 | 18663957 | 16282 |

കുറിപ്പ്- കൂടാതെ 100 ദിവസം പ്രവൃത്തി ചെയ്യവർക്കുള്ള ഇൻസെന്റീവായി 1,21,000/-രൂപ സംസ്ഥാനഫണ്ട് വരവും ചെലവും 2019-20 വർഷം ഉണ്ട്.

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2019-20 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം |
| തൊഴിൽരഹിത വേതനം | 2880 | 4 |
| കർഷകതൊഴിലാളി പെൻഷൻ | 1672800 | 288 |
| വിധവാപെൻ ഷൻ | 4780200 | 818 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 12162900 | 2198 |
| വികലാംഗപെൻഷൻ | 1765900 | 303 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 297000 | 101 |

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.07.2021 ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6318/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

ഡെപ്പോസിറ്റ് രജിസ്റ്റർ

ഡെപ്പോസിറ്റ് രജിസ്റ്റർ ഡി സി ബി തയ്യാറാക്കി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. കോൺട്രാക്ടർമാരുടെ ഇ എം ഡി ഇനത്തിൽ 2002-03 മുതലും ബിഡേഴ്സിന്റെ ഇ എം ഡി ഇനത്തിൽ 2013-14 മുതലുമുള്ള ഡെപ്പോസിറ്റുകൾ നിലനിൽക്കുന്നതായി കാണുന്നു. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ (3വർഷമായി ഡെപ്പോസിറ്റ് ഹെഡിൽ തുടരുന്നവ) കേരള പബ്ലിക് വർക്ക്സ് അക്കൗണ്ട് കോഡിലെ ഖ.15.4.1 ൽ അനുശാസിക്കും വിധം പഞ്ചായത്തുഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്.

മറ്റ് ഡെപ്പോസിറ്റുകൾ എന്ന ഹെഡ്ഡിൽ സൂക്ഷിച്ചിരിക്കുന്ന താഴെപ്പറയുന്ന തുകകൾ അതത് വരവ് ഹെഡ്ഡുകളിൽ വരവായി എടുക്കേണ്ടതാണ്.

| ക്രമ നം. | രസീത് നം/ തീയതി | തുക ഒടുക്കിയ ആൾ | ഉദ്ദേശ്യം | തുക |
|---|---|---|---|---|
| 1 | 11201400005/ 25.03.13 | കെ എ ബഷീർ | 2013-14 ലേക്കുള്ള ലൈസൻസ് ഫീസ്, തൊഴിൽ നികുതി | 34150/- |
| 2 | 117010500064/ 28.02.18 | നാനോ പ്ലാസ്റ്റിക്സ് | ലൈസൻസ് ഫീസ് 18-19 | 9510/- |
| 3 | 118010400004/ 01.03.19 | ,, | ലൈസൻസ് ഫീസ് 19-20 | 9010/- |
| 4 | 119010500019/ 16.07.19 | ,, | തമ്പാൻ പി ലൈസൻസ് ഫീസ് 18-19 &19-20 | 30145/- |
| 5 | 119010500129/ 16.07.19 | നാനോ പ്ലാസ്റ്റിക്സ് | ലൈസൻസ് ഫീസ് 2020-21 | 9010/- |

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.10.2020 | 01.02.2020 മുതൽ 30.09.2020 വരെ | 07.10.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.03.2018-04.04.2018 | 2016-17 | 18.05.2018 |

## 1-12 ദുരന്തനിവാരണ ആസൂത്രണരേഖ

ദുരന്തലഘൂകരണം, തയ്യാറെടുപ്പ്, മാനേജ്മെന്റ് എന്നീ മേഖലകളിൽ ജനകീയ പങ്കാളിത്തവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വപരമായ ഇടപെടലും ഉറപ്പാക്കി പ്രാദേശികമായി ദുരന്തലഘൂകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ദുരന്തനിവാരണ പ്ലാനുകൾ വാർഷിക പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ച നിർദ്ദേശങ്ങളനുസരിച്ച് പഞ്ചായത്തിൽ കരട് ദുരന്തനിവാരണ ആസൂത്രണരേഖ തയ്യാറാക്കിയിട്ടുണ്ട്. പ്രത്യേക ഗ്രാമസഭ വിളിച്ചുചേർത്ത് ദുരന്തനിവാരണ പരിപാടി സംബന്ധിച്ച് വിശദമായ ചർച്ച നടത്തി വാർഡുതല റിസോഴ്സ് ടീം അംഗങ്ങളെ തെരഞ്ഞെടുത്ത് അവർക്ക് 3.02.2020, 4.02.2020 എന്നീ തീയതികളിൽ പഞ്ചായത്ത് ഹാളിൽ വച്ച് പരിശീലനം നൽകുകയും ചെയ്തു. മാർഗ്ഗരേഖയിൽ പറയും പ്രകാരമുള്ള

എമർജൻസി റെസ്പോൺസ് ടീം രൂപീകരിക്കുകയും ഈയിനത്തിൽ ചെലവഴിച്ച തുകയായ 23,800 /-രൂപ കിലയിൽ നിന്ന് റീഇംബേഴ്സ് ചെയ്ത് 17.07.2020 ൽ അക്കൗണ്ടിൽ വരവുവയ്ക്കുകയും ചെയ്തിട്ടുണ്ട്.

## 1-13 ദുരിതാശ്വാസനിധി

2003 ലെ കേരളപഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കും വിധം ദുരിതാശ്വാസനിധി രൂപീകരിച്ച് ഒക്കൽ സർവീസ് സഹകരണ ബാങ്കിൽ സെക്രട്ടറിയുടെയും പ്രസിഡന്റിന്റെയും പേരിൽ അക്കൌണ്ട് തുടങ്ങിയിട്ടുണ്ട്. (അക്കൗണ്ട് നം.5898). തൻവർഷം ഈയിനത്തിൽ വരവില്ല. അഞ്ച് അപേക്ഷകളിന്മേൽ 5000 /- രൂപ വീതം ആകെ 25,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പലിശയുൾപ്പെടെ 31.03.2020 ൽ അക്കൗണ്ടിലെ നീക്കിയിരുപ്പ് 24,965/- രൂപയാണ്.

## 1-14 വിവരാവകാശം

വിവരാവകാശനിയമപ്രകാരമുള്ള വിവരം ലഭ്യമാക്കുന്നതിന് തൻവർഷം 75 അപേക്ഷകൾ പഞ്ചായത്തിൽ ലഭിച്ചു. ലഭിച്ച അപേക്ഷകൾക്കെല്ലാം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ ആവശ്യമായ മറുപടി നൽകിയിട്ടുണ്ട്.

## 1-14-1 സേവനാവകാശം

സേവനാവകാശ നിയമമനുസരിച്ച് പഞ്ചായത്തിൽ നിന്ന് നൽകുന്ന സേവനങ്ങളെക്കുറിച്ചും സമയപരിധി സംബന്ധിച്ചും ഉള്ള വ്യക്തമായ അറിയിപ്പ് ഫ്രണ്ട് ഓഫീസിൽ സജ്ജമാക്കിയിട്ടുള്ള നോട്ടീസ് ബോർഡിൽ നൽകിയിട്ടുണ്ട്. പഞ്ചായത്തിലെ വിവിധ രേഖകൾ പരിശോധിച്ചതിൽ പൗരാവകാശ രേഖയിൽ പരസ്യപ്പെടുത്തിയിട്ടുള്ള സമയപരിധിക്കുള്ളിൽ എല്ലാ സേവനങ്ങളും ലഭ്യമാക്കുന്നതായി കാണുന്നു.

## 1-14-2 പൗരാവകാശരേഖ

പൗരന്മാർക്ക് പഞ്ചായത്ത് ലഭ്യമാക്കുന്ന വിവിധയിനം സേവനങ്ങളെയും അവയുടെ വ്യവസ്ഥകളെയും അവ ലഭ്യമാക്കുന്ന സമയപരിധിയെയും സംബന്ധിച്ച് ഒരു രൂപരേഖ തയ്യാറാക്കി പൗരാവകാശരേഖ എന്ന പേരിൽ പ്രസിദ്ധപ്പെടുത്തണമെന്നും വർഷത്തിലൊരിക്കൽ പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യണമെന്ന പഞ്ചായത്ത് രാജ് നിയമവ്യവസ്ഥയനുസരിച്ച് പഞ്ചായത്ത് പൗരാവകാശരേഖ തയ്യാറാക്കുകയും 2019, 2020 വർഷങ്ങളിൽ പുതുക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തും അതിന് കൈമാറിക്കിട്ടിയ വിവിധ സ്ഥാപനങ്ങളും ലഭ്യമാക്കുന്ന സേവനങ്ങളുടെ വിവരം, അപേക്ഷിക്കേണ്ട വിധം, പാലിക്കേണ്ട നിബന്ധനകൾ, ലഭ്യമാക്കുന്ന സമയപരിധി, അടയ്ക്കേണ്ട ഫീസ് എന്നിവയെപ്പറ്റി പൗരാവകാശരേഖ വളരെ ലളിതമായും കൃത്യമായും പ്രതിപാദിക്കുന്നുണ്ട്.

## 1-15 ഗ്രാമസഭായോഗം-വ്യവസ്ഥകൾ പാലിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3(3) അനുസരിച്ച് ഗ്രാമസഭ കുറഞ്ഞപക്ഷം മൂന്ന് മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതും യോഗം ചേരുന്ന വിവരം ഒരു പൊതു നോട്ടീസ് മുഖേന ഗ്രാമസഭയുടെ കൺവീനർ ഗ്രാമസഭാംഗങ്ങളെ അറിയിക്കേണ്ടതും അങ്ങനെയുള്ള യോഗങ്ങളിൽ ഗ്രാമസഭ ഉൾക്കൊള്ളുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് അംഗത്തെയും, ജില്ലാ പഞ്ചായത്ത് അംഗത്തെയും, നിയമസഭാംഗത്തെയും നിർബന്ധമായും ക്ഷണിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം ആഗസ്റ്റ് 2019, ഫെബ്രുവരി 2020 എന്നീ മാസങ്ങളിലായി രണ്ട് ഗ്രാമസഭകളാണ് കൂടിയിട്ടുള്ളതെന്ന് മിനിട്ട്സ് വ്യക്തമാക്കുന്നു. ഒരു വർഷത്തിൽ നാലുതവണ യോഗം ചേരണമെന്ന നിയമവ്യവസ്ഥ പാലിച്ചിട്ടില്ല. മാത്രവുമല്ല യോഗങ്ങളിൽ 21.08.2019 ന് ബ്ലോക്ക് പഞ്ചായത്ത് അംഗം രണ്ട് വാർഡുകളിൽ പങ്കെടുത്തതൊഴിച്ചാൽ, ബ്ലോക്ക്/ജില്ലാപഞ്ചായത്ത് അംഗങ്ങളുടെ സാന്നിദ്ധ്യം യോഗങ്ങളിൽ ഉണ്ടായിട്ടില്ല. വകുപ്പ് 3, ഉപവകുപ്പ് 3 എ യിൽ ഗ്രാമസഭയുടെ അധികാരങ്ങൾ, ചുമതലകൾ, അവകാശങ്ങൾ എന്നിവയെപ്പറ്റിയും 3 ബിയിൽ ഉത്തരവാദിത്തങ്ങളെപ്പറ്റിയും വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമസഭായോഗങ്ങൾ സ്ഥിരം അജണ്ടകളിലേക്ക് ഒതുങ്ങിപ്പോകുന്നതായി കാണുന്നു. ഗ്രാമസഭകളുടെ ചുമതലകളിലും ഉത്തരവാദിത്തങ്ങളിലും പെടുന്നതായ യാതൊന്നും തന്നെ അജണ്ടാവിഷയമായി ഉൾക്കൊള്ളിക്കുന്നില്ല.

ഗ്രാമസഭായോഗങ്ങൾ നിയമത്തിലെ വ്യവസ്ഥകൾ പാലിച്ച് മേലിൽ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 തൊഴിൽ നികുതി അപാകതകൾ

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം അറുപതു ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടെയും പഞ്ചായത്ത്

പ്രദേശത്തിനുള്ളിലോ പഞ്ചായത്തു പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനുവെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സ് നടത്തുകയോ സ്വകാര്യമായ ഉദ്യോഗം വഹിക്കുന്നതോ അഥവാ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുകയും മുതൽ മുടക്കുകളിൽ നിന്ന് ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്

1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204,205 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്തിൽ തൊഴിൽനികുതി ഈടാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു

1. തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി കുറവായി ഈടാക്കിയിരിക്കുന്നു

1. ഒക്കൽ സർവ്വീസ് സഹകരണ ബാങ്ക്

| ക്രമ.നം | പേര് | അർദ്ധ വാർഷിക വരുമാനം | അർദ്ധ വർഷം | ഈടാക്കിയ തുക | ഈടാക്കേണ്ട തുക | കുറവ് | രസീത് നം. |
|---|---|---|---|---|---|---|---|
| 1 | പ്രസാദ്.പി.റ്റി | 145200 | 1 | 450 | 1250 | 800 | 119010101737/ 22.08,2019 |

2. നാഗാർജ്ജുന ആയുർവ്വേദിക് സെന്റർ

| ക്രമ.നം. | പേര് | അർദ്ധ വാർഷിക വരുമാനം | അർദ്ധവർഷം | ഈടാക്കിയ തുക | ഈടാക്കേണ്ട തുക | കുറവ് | രസീത് നം |
|---|---|---|---|---|---|---|---|
| 1 | ഡോ.അഭിലാഷ്.ആർ | 135000 | 11 | 750 | 1250 | 500 | 119010500133/ 28.02.2020 |
| 2 | ജ്യോതിഷ് ജോഷി | 108000 | 11 | 750 | 1000 | 250 | ,, |
| 3 | അശ്വതി.എം.ഡി | 63000 | 11 | 300 | 600 | 300 | ,, |
| 4 | പ്രിയ.ടി.ബി | 57000 | 11 | 300 | 450 | 150 | ,, |
| 5 | സാബു.ടി.ജി | 60000 | 11 | 450 | 600 | 150 | ,, |
| 6 | രമ്യ റെജി | 60000 | 11 | 450 | 600 | 150 | ,, |
| 7 | സൗമ്യ ധനീഷ് | 60000 | 11 | 450 | 600 | 150 | ,, |
| 8 | സജന ഗോപി | 45100 | 11 | 300 | 450 | 150 | ,, |
| | ആകെ | | | | | 1800 | |

3. എസ്.എൻ.എച്ച്.എസ്.എസ്.ഒക്കൽ

| ക്രമനം | പേര് | അർദ്ധ വാർഷിക വരുമാനം | അർദ്ധ വർഷം | ഈടാക്കിയ തുക | ഈടാക്കേണ്ട തുക | കുറവ് | രസീത് നം |
|---|---|---|---|---|---|---|---|
| | സിന്ധു.പി.എസ് | 128800 | 1 | 1000 | 1250 | 250 | 119010102569/ 30.09.2019 |
| ആകെ | | | | | | 250 | |

11. താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെരണ്ടാം
അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. ജാസ്സ് ബ്രേക്കർ ടെക്നോളജി
2. എൽ.എസ്.ജി.ഡി.ഒക്കൽ
3. ബി.സി.എം.എഞ്ചിനിയറിംഗ്
4. ശ്രീനാരായണ ഇംഗ്ളീഷ് മീഡിയം സ്കൂൾ

111. പഞ്ചായത്തു പരിധിയിലെ കള്ളുഷാപ്പുകൾ,റേഷൻ കടകൾ,ക്ഷീരോൽപ്പാദന സഹകരണ സംഘങ്ങൾ എന്നിവയുടെ തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക്ഹാജരാക്കിയില്ല

1v. പഞ്ചായത്തു പരിധിയിലെ കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എന്ക്വയറി നം(2 /22.07.2021) ന് മറുപടി ലഭ്യമാക്കിയിട്ടില്ല

തൊഴിൽ നികുതി ഈടാക്കാത്ത മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയും തൊഴിൽ നികുതി ഇനത്തിൽ കുറവായി ഈടാക്കിയ തുക അടവാക്കിയും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 മെന്റേഴ്സ് ക്യാമ്പ്- കിലയിൽ നിന്ന് തുക റീ ഇംബേഴ്സ് ചെയ്തില്ല

ആരോഗ്യസുരക്ഷയ്ക്ക് മാലിന്യമുക്ത കേരളം എന്ന ലക്ഷ്യത്തോടെ ഹരിതകേരളം മിഷൻ കുട്ടികൾക്കുവേണ്ടി 'പെൻസിൽ' എന്ന പേരിൽ ഒരുക്കിയ അവധിക്കാല പഞ്ചായത്തുതല മെന്റേഴ്സ് ക്യാമ്പ് നടത്തിപ്പിനായി ചെലവഴിച്ച തുക സി.ഡി.എസ് ചെയർപേഴ്സണ് പഞ്ചായത്തിൽ നിന്നും അനുവദിച്ചുനൽകിയിട്ടുണ്ട് (ചെക്ക് നം. 22809/28.05.2019 ഒക്കൽ സർവീസ് സഹകരണ ബാങ്ക് 8000/-രൂപ). കില ഡയറക്ടറുടെ 02.05.2019 ലെ കില/2019/101/2719/എച്ച് ക്യൂ നം. കത്തിൽ വാർഡുതല ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് (ഒരു വാർഡിൽ നിന്ന് 5 പേർ) ഭക്ഷണം, പരിശീലന സാമഗ്രികൾ എന്നിവയ്ക്ക് 100/-രൂപ വീതം കില നൽകും. ക്യാമ്പ് പൂർത്തിയാകുന്ന മുറയ്ക്ക് ഒറിജിനൽ ബിൽ, വൗച്ചർ, ഹാജർ ലിസ്റ്റ് എന്നിവ ഹാജരാക്കി ചെലവായ തുക കിലയിൽ നിന്ന് റീഇംബേഴ്സ് ചെയ്യാം. എന്നാൽ ഈ നിർദ്ദേശം പാലിച്ച് ചെലവുതുക പഞ്ചായത്ത് റീഇംബേഴ്സ് ചെയ്ത് വാങ്ങിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3) മറുപടിയും ലഭ്യമാക്കിയിട്ടില്ല.

## 1-18 കന്നുകുട്ടി പരിപാലനം -അപാകത

പ്രോജക്റ്റ് നമ്പർ 14/19-20

ആകെ ചെലവ് 2,00,000/- രൂപ (പൊതുവിഭാഗം ഫണ്ട്)

മേൽ പദ്ധതി പ്രകാരം ഓരോ കന്നുകുട്ടിക്കും കാലിത്തീറ്റക്ക് പഞ്ചായത്തിൽ നിന്ന് സബ്സിഡിയായി പ്രോജക്റ്റ് ഓഫീസർക്ക് 6,250/- രൂപയാണ് കൈമാറിയിട്ടുള്ളത്. ആകെ 32 ഗുണഭോക്താക്കൾ ആണുള്ളത്. അതിൽ താഴെ ചേർത്തിട്ടുള്ള ഗുണഭോക്താക്കൾക്ക് പദ്ധതി പൂർത്തീകരിക്കാൻ സാധിക്കാതിരുന്നതിനാൽ സബ്സിഡി തുക പൂർണ്ണമായും ചെലവാക്കപ്പെട്ടിട്ടില്ല. മേൽ തുകകൾ തിരികെ പഞ്ചായത്ത് ഫണ്ടിൽ അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ആകെ നല്കിയ സബ്സിഡിതുക (പഞ്ചായത്ത് വിഹിതം) | കാലിത്തീറ്റക്കായി ചെലവഴിച്ച സബ്സിഡി തുക (പഞ്ചായത്ത് വിഹിതം) | പ്രോജക്റ്റ് ഓഫീസർ വശമുള്ള ചെലവഴിക്കാത്ത സബ്സിഡി തുക |
|---|---|---|---|---|
| 1 | മനോജ് എബ്രഹാം, കുനത്താൻ | 6250 | 1325 | 4925 |
| 2 | ബിജു പി പി, പാറപ്പുറത്ത് കുടി | 6250 | 3743 | 2507 |

## 1-19 പാലിന് സബ്സിഡി-വകയിരുത്തുന്ന തുക അപര്യാപ്തം

| | |
|---|---|
| പ്രോജക്ട് നം. | S106/20 |
| പ്രോജക്ടിന്റെ പേര് | ക്ഷീരസഹകരണ സംഘങ്ങളിലൂടെ വിതരണം ചെയ്യുന്ന പാലിന് സബ്സിഡി |
| അടങ്കൽ | 819800/-(400000/- വികസന ഫണ്ട് ജനറൽ, 2,00,000 ബ്ലോക്ക്പഞ്ചായത്ത് വിഹിതം, 219800/- ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് | 6,00,000/- |
| ബിൽ നമ്പർ/ ചെക്ക് നം. | 1) 1/19-20 തീയതി 13.03.2020 തുക 4,00,000/-<br>2) 1940437 തീയതി 16.03.2020 തുക 2,00,000/- - |

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ മേൽ പ്രോജക്ടിൽ പഞ്ചായത്തിലെ നാല് ക്ഷീരസഹകരണ സംഘങ്ങളിലായി പാൽ വിതരണം ചെയ്യുന്ന കർഷകർക്ക് സബ്സിഡി നൽകുകയാണ് ചെയ്തിട്ടുള്ളത്. സർക്കാർ മാർഗ്ഗരേഖ പ്രകാരം കർഷകന് ഒരു വർഷം പരമാവധി 40,000/- രൂപയിൽ നിജപ്പെടുത്തി ഒരു ലിറ്ററിന് നാല് രൂപ സബ്സിഡി അനുവദനീയമാണ്. 8,19,800/-രൂപ വകയിരുത്തിയിരുന്നെങ്കിലും ജില്ലാ

പഞ്ചായത്ത് വിഹിതമായ 2,19,800/-രൂപ തൻവർഷം ലഭ്യമായില്ല. 2020-21 വർഷം ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭ്യമായ 2,19,800/- രൂപ സ്പിൽ ഓവർ പ്രോജക്ടിലായി വിതരണം ചെയ്തിട്ടുണ്ട്. ഇരു പ്രോജക്ടുകളിലുമായി 2019-20 വർഷത്തേക്ക് താഴെപ്പറയും വിധമാണ് സബ്സിഡി വിതരണം ചെയ്തിരിക്കുന്നത്.

| മാസം | 1ലിറ്ററിന് നൽകിയ സബ്സിഡി തുക |
|---|---|
| ഏപ്രിൽ 2019 | 3/- രൂപ |
| മെയ് 2019 | 3/- രൂപ |
| ജൂൺ 2019 | 3.42/- രൂപ |
| ജൂലൈ 2019 | 4/- രൂപ |
| ആഗസ്റ്റ് 2019 | 3.05/- രൂപ |

ഏപ്രിൽ 2019 ന് വകുപ്പിൽ നിന്നുള്ള ഒരു രൂപ ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്ത് വകയിരുത്തിയ തുക ഉപയോഗിച്ച് ആകെ അഞ്ച് മാസങ്ങളിൽ മാത്രമാണ് ആനുകൂല്യം വിതരണം ചെയ്യാൻ കഴിഞ്ഞത്. അതിൽ തന്നെ ജൂലൈ മാസം മാത്രമാണ് അർഹമായ നിരക്കിൽ സബ്സിഡി തുക വിതരണം ചെയ്യാൻ സാധിച്ചിട്ടുള്ളത്. പതിമൂന്നാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ ജി ഒ (എം എസ്) 11/2018 തസ്വഭവ തീയതി 29.01.2018 ഉത്തരവിലെ ഖണ്ഡിക നം.7.2 പ്രകാരം പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പാദനത്തിൽ സ്വയംപര്യാപ്തത നേടേണ്ടതിലേക്ക് മുഖ്യതൊഴിലായോ ഉപതൊഴിലായോ ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് മുൻഗണന നൽകേണ്ടതാണ്. എന്നാൽ ക്ഷീരകർഷകർക്ക് അർഹമായ സബ്സിഡി ഉറപ്പുവരുത്തുന്നതിന് മതിയായ തുക വകയിരുത്താത്തത് ആസൂത്രണത്തിലെ പിഴവാണ്. ഇക്കാര്യത്തിൽ ഭരണസമിതി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-20 പി എച്ച് സി ,എഫ് എച്ച് സി ആക്കൽ- അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പി എച്ച് സി , എഫ് എച്ച് സി ആക്കുന്നതിന് ഭൗതിക സാഹചര്യം വർദ്ധിപ്പിക്കൽ |
| പ്രോജക്ട് നം. | 122/20 |
| അടങ്കല് | 8,00,000/- (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | 8,00,000/- |
| ബിൽ നം/ തീയതി | 5/19-20 തീയതി 15.10.2019 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ പി എച്ച് സി |

ഒക്കൽ പി എച്ച് സി, എഫ് എച്ച് സി ആക്കുന്നതിന് ആർദ്രം പദ്ധതിയിലുൾപ്പെടുത്തി ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിന് 8,00,000/- രൂപ നാഷണൽ ഹെൽത്ത് മിഷൻ, ജില്ലാ പ്രോഗ്രാം മാനേജർക്ക് കൈമാറിയിരുന്നു. തുക എപ്രകാരം വിനിയോഗിച്ചുവെന്നതിന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ 26.07.2021 ലെ 6ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ലഭ്യമാക്കിയ എൻ എച്ച് എം ൽ നിന്നുള്ള സാക്ഷ്യപത്രത്തിൽ എറണാകുളം ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന 741703/- രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ആയതിന്റെ

ഫൈനൽ ബില്ല് നൽകുന്നതിനുള്ള പരിശോധന പൂർത്തിയായി വരുന്നുവെന്നും അറിയിച്ചിട്ടുണ്ട്. പ്രവൃത്തിപൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതോടൊപ്പം അവശേഷിക്കുന്ന 58,297/- രൂപ എൻ എച്ച് എം-ൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 1-21 തുല്യതാപരീക്ഷ-രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം. | S091/21 |
| പ്രോജക്ടിന്റെ പേര് | തുടർസാക്ഷരത 7,10,11,12 തുല്യതാ പഠനം, ബോധവൽക്കരണം, തൊഴിൽ പരിശീലനം, കലോൽസവം |
| അടങ്കൽ | 50000/- ( വികസനഫണ്ട്-സാധാ) |
| ചെലവ് | 32668/- |
| ബിൽ നമ്പർ/ തീയതി | 1) 233/20.03.2020 തുക 24200/-<br>2)233/18.03.2020 തുക 3500/- |

ഹെഡ്മാസ്റ്റർ, ജി എൽ പി എസ് നിർവഹണം നടത്തിയ മേൽ പ്രോജക്ടിൽ തുല്യതാപരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തപഠിതാക്കളുടെ ഫീസിനത്തിൽ താഴെപ്പറയും പ്രകാരം സാക്ഷരതാ മിഷന് തുക നൽകിയിട്ടുണ്ട്.

പത്താംതരം- 1750/- രൂപ വീതം രണ്ട് പേർക്ക് ആകെ 3500/-

ഹയർ സെക്കൻഡറി - 2200/-രൂപ വീതം 11 പേർക്ക് ആകെ 24200/-

ആകെ നൽകിയ തുക 27700/-

ഗുണഭോക്താക്കളായ 13 പഠിതാക്കളും പരീക്ഷക്ക് ഹാജരായതിന്റെ രേഖകൾ ആവശ്യപ്പെട്ട് നൽകിയ 29.07.2021 ലെ 10ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കുന്നത് വരെ ഈയിനത്തിലെ 27700/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം-സംയുക്തപരിശോധന നടത്തിയിട്ടില്ല.

പഞ്ചായത്തിൽ നിലവിലുള്ള 185 സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരമായി പ്രതിമാസം 80,938/- രൂപ കേരള വാട്ടർ അതോറിട്ടി ഡിമാൻഡ് ചെയ്യുന്നുണ്ട് (ടാപ്പൊന്നിന് പ്രതിമാസം 5250/- രൂപ നിരക്കിൽ). 2019 ഏപ്രിൽ മാസത്തെ ഡിമാന്റ് നോട്ടീസ് പ്രകാരം അടയ്ക്കാനുള്ള കുടിശിക തുക 75,95,332/- രൂപയും ഫൈൻ 1,22,880/- രൂപയുമാണ്. കുടിശ്ശിക നിലനിർത്തിക്കൊണ്ട് പ്രതിമാസ ഡിമാന്റ് തുക ഡിസംബർ മാസം വരെ പഞ്ചായത്ത് അടവാക്കിയിട്ടുണ്ട്. ഡിസംബറിലെ ഡിമാന്റ് നോട്ടീസനുസരിച്ച് അടച്ചുതീർക്കാനുള്ള കുടിശ്ശിക 90,14,406/-രൂപയും ഫൈൻ 1,51,907/- രൂപയുമാണ്. ഡിസംബർമാസത്തിന് ശേഷം ഒരു തുക പോലും വാട്ടർ അതോറിട്ടിയിൽ അടവാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ 04.06.2019 ൽ ചേർന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോഗത്തിൽ സ്ട്രീറ്റ് ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുവാൻ വാട്ടർ അതോറിട്ടിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തി ഉപയോഗശൂന്യമായ ടാപ്പുകൾ ഒഴിവാക്കുവാൻ പഞ്ചായത്ത് കമ്മിറ്റിയോട് ശിപാർശ ചെയ്യുവാൻ തീരുമാനമെടുത്തിട്ടുണ്ട്. 10.07.2019 ൽ നടന്ന ജനറൽ കമ്മിറ്റിയുടെ അജണ്ട 10 (തീരുമാനം1) ൽ ഈ വിഷയം ചർച്ച ചെയ്യുകയും വാട്ടർ അതോറിട്ടിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തി ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുകയും ഉപയോഗശൂന്യമായവ ഒഴിവാക്കാൻ തീരുമാനമെടുക്കുകയും ചെയ്തു. എന്നാൽ തുടർനടപടികൾ ഇതുവരെ സ്വീകരിച്ചിട്ടില്ല.

വെള്ളക്കരമായി അടയ്ക്കേണ്ട തുക KWA ആലുവ ഡിവിഷൻ ഓഫീസ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിലേക്ക് NEFT ചെയ്യുകയാണ് ചെയ്തുപോരുന്നത്. തുക അടച്ചതിന് വാട്ടർ അതോറിട്ടിയുടെ ഔദ്യോഗിക രസീത് കൈപ്പറ്റേണ്ടതാണെങ്കിലും 2019 ഏപ്രിൽ മുതൽ ഓഗസ്റ്റ് വരെ തുക അടവാക്കിയതിന്റെ ഒറിജിനൽ രസീത് വൗച്ചറിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. തുക അടവാക്കിയത് സംബന്ധിച്ച് എന്തെങ്കിലും തർക്കമുണ്ടായാൽ ഹാജരാക്കാനുള്ള ഏക തെളിവ് രസീത് ആണെന്നതിനാൽ രസീത് കൈപ്പറ്റിയിട്ടുണ്ടെന്ന് പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്. കേന്ദ്രസർക്കാരിന്റെ സൗജന്യ കുടിവെള്ള കണക്ഷൻ പദ്ധതിയായ ' ജലജീവൻ മിഷൻ ' പദ്ധതി പ്രകാരം 2020-21 വർഷം മുതൽ സംസ്ഥാനത്ത് സൗജന്യ കുടിവെള്ള കണക്ഷനുകൾ നല്കിത്തുടങ്ങിയിട്ടുള്ള സാഹചര്യത്തിൽ സ്ട്രീറ്റ് ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുകയും ബാക്കിയുള്ളവ ഒഴിവാക്കുന്നതിന് തീരുമാനമെടുത്ത് തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. കുടിശ്ശികയായി നിലനിൽക്കുന്ന ഒരുകോടിയിലധികം വരുന്ന ബാദ്ധ്യത തുകയിൽ ഇളവ് ലഭ്യമാക്കുന്നതിനും തവണകളായി അടച്ച് തീർക്കുന്നതിനുമുള്ള നടപടികൾ എത്രയും വേഗം ആരംഭിക്കേണ്ടതാണ്.

## 1-23 പഞ്ചായത്തിൽ സോളാർ പാനൽ സ്ഥാപിക്കൽ-പദ്ധതി നടപ്പാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം/ പേര് | S 94/19-20, പഞ്ചായത്തിൽ സോളാർ പാനൽ സ്ഥാപിക്കൽ |
| അടങ്കൽ | 6,70,000/-(തനതു ഫണ്ട്-1,70,000/-+ 5,00,000/- വികസന ഫണ്ട് -ജനറൽ) |
| ചെലവ് | 1180/-രൂപ ( വൗച്ചർ നം 21901019/18.03.2020) 10,000/-രൂപ ( വൗച്ചർ നം 21901047/23.03.2020 |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഒക്കൽ ഗ്രാമപഞ്ചായത്ത് കാര്യാലയ കെട്ടിടത്തിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. 6,70,000/- രൂപ അടങ്കലുള്ള ഈ പ്രവൃത്തി അനർട്ട് മുഖേന ഡെപ്പോസിറ്റ് വർക്കായി നിർവ്വഹിക്കാനാണ് നിശ്ചയിച്ചിരുന്നത്. സെക്രട്ടറിയുടെ 10/02/2020 ലെ എ1-168/19 നമ്പർ കത്ത് പ്രകാരം ഇതിലേക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി നൽകാൻ ആവശ്യപ്പെട്ടതനുസരിച്ച് അനർട്ട് എറണാകുളം ജില്ലാ കാര്യാലയത്തിൽ നിന്നും താഴെ കാണും വിധം 6,60,000/- രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

| ഇനം | തുക |
|---|---|
| Total Cost Of Installation Including 5 Year Warranty, Connectivity Fee To KSEBL, Fee To Electrical Inspecoorate | 5,60,000 |
| Cabling Expenses Etc.. | 40,000 |
| Service Charge (10 % Of The Cost) | 60,000 |
| Total Project Cost | 6,60,000 |

എസ്റ്റിമേറ്റ് പ്രകാരമുള്ള 6,60,000/- അനർട്ടിന്റെ അക്കൗണ്ടിലേക്ക് അടവാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും തുക അടവാക്കിയതായി കാണുന്നില്ല. സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനു മുമ്പ് ഗുണഭോക്തൃ സ്ഥാപനം വൈദ്യുതി ബോർഡിൽ നിന്നും 10 KWP On Grid Power Plant സ്ഥാപിക്കുന്നതിനുള്ള ടെക്നിക്കൽ ഫീസിബിലിറ്റി വാങ്ങേണ്ടതാണെന്നും അനർട്ട് അറിയിച്ചിരുന്നു. ഇതിലേക്കായി ഫീസ് അടവാക്കിയതല്ലാതെ തുടർ നടപടികളുടെ വിവരങ്ങളൊന്നും ഫയലിൽ ഇല്ലായിരുന്നു. ആയതിനാൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് 1. കെ.എസ്.ഇ.ബി യിൽ നിന്നും ഈ പദ്ധതിക്കുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുണ്ടോ 2. സോളാർ പ്ലാന്റ് സ്ഥാപിക്കുന്ന പ്രവൃത്തി നിലവിൽ പൂർത്തിയാക്കിയോ എന്നീ കാര്യങ്ങൾക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം 17/27.07.2021).

ഇതിന് ലഭ്യമാക്കിയ മറുപടിയോടൊപ്പം ഫീസിബിലിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതി ഓഡിറ്റ് തീയതിയിലും തുടങ്ങിയിട്ടില്ല. 2021-22 വർഷത്തെ അംഗീകാരം ലഭിച്ച പദ്ധതികളിലും ഇത് ഉൾപ്പെട്ടു കണ്ടില്ല. പദ്ധതി ഭേദഗതിയിൽ ഇതു കൂടി ഉൾപ്പെടുത്തി പ്രവൃത്തി പൂർത്തിയാക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. പദ്ധതി പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്.

## 1-24 ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങൽ

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 89/20, ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 8,00,000/- (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) |
| ചെലവ് | 8,00,000/- |

പതിമൂന്നാം പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.22/2018 തസ്വഭവ. തീയതി 14.02.2018, ഖണ്ഡിക നമ്പർ 7.5.3 ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങൾക്ക് മരുന്ന് വാങ്ങുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്ന്

നിഷ്കർഷിച്ചിട്ടുണ്ട്. ആയുർവേദ മെഡിക്കൽ ഓഫീസർ നടപ്പാക്കിയ മേൽ പദ്ധതിയിൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിനായി ആവശ്യമുള്ള മരുന്നുകളുടെ ലിസ്റ്റ് കൈമാറിയെങ്കിലും 2019-20 സാമ്പത്തിക വർഷത്തിൽ ഒക്കൽ സർക്കാർ ആയുർവേദ ഡിസ്പെൻസറിയിലേക്ക് ഔഷധങ്ങൾക്കായി 71,980/- രൂപയാണ് സർക്കാരിൽ നിന്നും അനുവദിച്ചിട്ടുള്ളതെന്നും ഈ തുക അപര്യാപ്തമായതിനാൽ കൂടുതലായി വേണ്ടി വരുന്ന ഔഷധങ്ങൾ വാങ്ങുന്നതിന് ആവശ്യമായ തുക പഞ്ചായത്തിൽ നിന്നും അനുവദിക്കാവുന്നതാണെന്നുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഡിസ്പെൻസറിയിലേക്കാവശ്യപ്പെട്ട മരുന്നുകൾ ലഭ്യമാണോ അല്ലയോ എന്ന് സാക്ഷ്യപ്പെടുത്തുന്നതിന് പകരം ഫണ്ട് അപര്യാപ്തമായതിനാൽ പഞ്ചായത്തിൽ നിന്ന് അനുവദിക്കാവുന്നതാണെന്ന സാക്ഷ്യപത്രം ലഭ്യമാക്കുന്നത് പദ്ധതി മാർഗ്ഗരേഖയ്ക്ക് അനുസൃതമായ നടപടിയല്ല. സർക്കാർ നിർദ്ദേശപ്രകാരമുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കി മരുന്ന് വാങ്ങൽ പദ്ധതി നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-25 മരം വെട്ടിയതിന് കൂലി നൽകിയത്-തിരികെ ലഭിച്ചില്ല

ചുഴലിക്കാറ്റിൽ കട പുഴകിയ മരം വെട്ടി നീക്കിയതിന് പഞ്ചായത്ത് ഫണ്ടിൽ നിന്ന് ചെലവഴിച്ച തുക തിരികെ ലഭ്യമാക്കണം

ശക്തമായ ചുഴലിക്കാറ്റിൽ പഞ്ചായത്തിന്റെ 7, 11, 12 വാർഡുകൾ ഉൾപ്പെടുന്ന കനാൽ സൈഡിലെ മരങ്ങൾ കടപുഴകി ഇലക്ട്രിക് പോസ്റ്റിൽ വീണ് ട്രാൻസ്ഫോർമറിന് ഉൾപ്പെടെ നാശനഷ്ടം ഉണ്ടാവുകയും വൈദ്യുതി,റോഡ് എന്നിവ തടസ്സപ്പെടുകയും ചെയ്തു. വാർഡ് മെമ്പറുടെ നേതൃത്വത്തിൽ മരം വെട്ടി നീക്കുകയും അട്ടിയിട്ട തടി പെരിയാർവാലി ഇറിഗേഷൻ പ്രോജക്ട് ഓഫീസ് അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ലേലം ചെയ്തു വിൽക്കുകയും ചെയ്തു. വെട്ടുകൂലിയായി നൽകേണ്ട തുക അനുവദിക്കണമെന്നാവശ്യപ്പെട്ട് പെരിയാർവാലി ഓഫീസിലേയ്ക്ക് കത്തയച്ചെങ്കിലും മറുപടി ലഭിച്ചില്ല. അതിനാൽ മരം വെട്ടിയയാൾക്ക് തനതുഫണ്ടിൽനിന്നും തുക നൽകുന്നതിനും തുക ഇറിഗേഷൻ വകുപ്പിൽ നിന്നു ലഭ്യമാകുമ്പോൾ തനതുഫണ്ടിലേക്ക് റീകപ്പ് ചെയ്യുന്നതിന് സെക്രട്ടറിക്ക് അനുവാദം നൽകി 12.11.2019 ൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തു.

(തീരുമാനം 3) ഇതനുസരിച്ച് മരം വെട്ടിയ സുലൈമാൻ, മലയിലാൻ, ഒക്കൽ എന്നയാൾക്ക് 15,000 /- രൂപ അനുവദിച്ചു. (ചെക്ക് നം 52129/15.11.2019 ഒക്കൽ സർവ്വീസ് സഹകരണബാങ്ക്) പ്രകൃതിദുരന്തങ്ങളുമായി ബന്ധപ്പെട്ട് ഏർപ്പെടുത്താവുന്ന ക്രമീകരണങ്ങൾ സംബന്ധിച്ച് തദ്ദേശസ്വയംഭരണവകുപ്പ് 9.08.2019-ൽ പുറപ്പെടുവിച്ച 1735/2019 ഉത്തരവിലെ ഖ. 11(4), (5) നിർദ്ദേശങ്ങൾ പ്രകാരമാണ് പഞ്ചായത്ത് തുക അനുവദിച്ചിട്ടുള്ളത്. ആരെയും ചുമതലപ്പെടുത്താത്ത മേഖലകളിൽ ആവശ്യമായ ഇടപെടൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മുൻകൈയെടുത്ത് നടത്താവുന്നതും അതിനായി തുക ചെലവഴിക്കാവുന്നതുമാണ്. തടസ്സപ്പെട്ട റോഡുകൾ രക്ഷാപ്രവർത്തനം സുഗമമാക്കുന്നതിനുവേണ്ടി സഞ്ചാരയോഗ്യമാക്കുവാൻ തുക ചെലവഴിക്കാവുന്നതാണ്. ഇത്തരം പ്രവർത്തനങ്ങൾക്ക് ബന്ധപ്പെട്ട അസി. എഞ്ചിനീയർ മേൽനോട്ടം വഹിക്കേണ്ടതാണ്. എന്നാൽ ഇവിടെ ആവശ്യമായ ഇടപെടൽ നടത്താൻ ചുമതലപ്പെട്ട വകുപ്പുകൾ ഇറിഗേഷൻ, ഇലക്ട്രിസിറ്റി ബോർഡ്, ഫയർ & റെസ്ക്യൂ സർവ്വീസുകളായിരുന്നു. തന്നെയുമല്ല അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തിയുടെ മേൽനോട്ടം വഹിക്കുകയോ വാല്യുവേഷൻ നടത്തുകയോ ചെയ്തിട്ടില്ല. അതിനാൽ ഇതിനായി ചെലവാക്കിയ തുക കമ്മറ്റി തീരുമാനമനുസരിച്ച് ഇറിഗേഷൻ വകുപ്പിൽ നിന്ന് തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം-4 ന് പഞ്ചായത്ത് മറുപടി ലഭ്യമാക്കിയില്ല.

# ഭാഗം -2

## 2-1 തൊഴിൽ നികുതി ഈടാക്കിയതിൽ 2850/-കുറവ്

1. തൊഴിൽ നികുതി ഈടാക്കിയതിൽ 2850/-കുറവ്

ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി കുറവായി ഈടാക്കിയിരിക്കുന്നു

1. ഒക്കൽ സർവ്വീസ് സഹകരണ ബാങ്ക്

| ക്രമ. നം | പേര് | അർദ്ധ വാർഷിക വരുമാനം | അർദ്ധ വർഷം | ഈടാക്കിയ തുക | ഈടാക്കേണ്ട തുക | കുറവ് | രസീത് നം. |
|---|---|---|---|---|---|---|---|
| 1 | പ്രസാദ്.പി.റ്റി | 145200 | 1 | 450 | 1250 | 800 | 119010101737/ 22.08,2019 |

2. നാഗാർജ്ജുന ആയുർവ്വേദിക് സെന്റർ

| ക്രമ. നം. | പേര് | അർദ്ധ വാർഷിക വരുമാനം | അർദ്ധവർഷം | ഈടാക്കിയ തുക | ഈടാക്കേണ്ട തുക | കുറവ് | രസീത് നം |
|---|---|---|---|---|---|---|---|
| 1 | ഡോ.അഭിലാഷ്.ആർ | 135000 | 11 | 750 | 1250 | 500 | 119010500133/ 28.02.2020 |
| 2 | ജ്യോതിഷ് ജോഷി | 108000 | 11 | 750 | 1000 | 250 | ,, |
| 3 | അശ്വതി.എം.ഡി | 63000 | 11 | 300 | 600 | 300 | ,, |
| 4 | പ്രിയ.ടി.ബി | 57000 | 11 | 300 | 450 | 150 | ,, |
| 5 | സാബു.ടി.ജി | 60000 | 11 | 450 | 600 | 150 | ,, |
| 6 | രമ്യ റെജി | 60000 | 11 | 450 | 600 | 150 | ,, |
| 7 | സൌമ്യ ധനീഷ് | 60000 | 11 | 450 | 600 | 150 | ,, |
| 8 | സജന ഗോപി | 45100 | 11 | 300 | 450 | 150 | ,, |
| | ആകെ | | | | | 1800 | |

3. എസ്.എൻ.എച്ച്.എസ്.എസ്.ഒക്കൽ

| ക്രമ. നം | പേര് | അർദ്ധ വാർഷിക വരുമാനം | അർദ്ധ വർഷം | ഈടാക്കിയ തുക | ഈടാക്കേണ്ട തുക | കുറവ് | രസീത് നം |
|---|---|---|---|---|---|---|---|
| | സിന്ധു.പി.എസ് | 128800 | 1 | 1000 | 1250 | 250 | 119010102569/ 30.09.2019 |
| ആകെ | | | | | | 250 | |

കുറവ് വന്ന തുക 2850/- രൂപ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത്. വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ ഖ.1-3 ൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. | | |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 305163 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (എസ് 012/20) | 35163 | 270000 (2020-21ൽ തുക ചെലവഴിച്ചു) |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 300000 | 49/21, കുന്നേക്കാട്ടുമല കനാൽബണ്ട് റോഡ് ടൈൽ വിരിക്കൽ വാർഡ് 11 | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 212500 | 27/20 നെൽകൃഷിക്ക് കൂലി ചെലവ്, | 212500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000 | 70/21, ഇടവൂർ ലിഫ്റ്റ് ഇറിഗേഷൻ കനാൽ ബണ്ട് റോഡ് കോൺക്രീറ്റിംഗ് വാർഡ് 4 | 0 | 200000 (2020-21ൽ തുക ചെലവഴിച്ചു) |
| ബ്ലോക്ക് | 2019-20 | 400000 | 71/21, | 400000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | നടുപ്പള്ളിത്തോട്- വരണക്കുഴി ഇടവൂർ റോഡ് കോൺക്രീറ്റിംഗ് | | |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000 | 106/21, ക്ഷീരസംഘങ്ങളിലൂടെ വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 200000 | 0 |

2018-19 വർഷത്തെ നീക്കിയിരിപ്പിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന 2,35,721/- രൂപയും തൻ വർഷത്തെ 4,70,00/- രൂപയും ഉൾപ്പെടെ 31.03.2020 ൽ ഈയിനത്തിൽ ആകെ നീക്കിയിരിപ്പ് 7,05,721/- രൂപയാണ്. 2018-19 ൽ വരവിൽ ഇരട്ടിപ്പായി വന്ന 1,70,000/- രൂപ യുൾപ്പെടെ വാർഷിക കണക്കിലെ നീക്കിയിരിപ്പുതുക 8,75,721/- രൂപയാണ്.

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | എസ്- 124/20, തെരുവ് വിളക്കുകൾക്ക് പുതിയ പോസ്റ്റ് സ്ഥാപിക്കൽ | 8/2019-20 20.07.2019 | 136245 | 13645 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| പ്രോജക്റ്റ് നം | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | അഡ്വാൻസ് തുക | കൺവീനറുടെ പേര് | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവനപദ്ധതി | 1098/2010/ ത സ്വ ഭ വ 27.03.2010 | 8353500 | 467107 | 467107 | 0 | 0 |
| ലൈഫ് ഭവനപദ്ധതി | സ ഉ (എം എസ്) 2278/18/ ത സ്വ ഭ വ 18.08.2018 | 5508912 | 5508912- | 405971 | - | 5102941 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷത്തിൽ 5000/- രൂപ ഈടാക്കിയത് വാർഷിക ധനകാര്യപത്രികയിൽ കുടിശ്ശിക വരവിനൊപ്പമാണ് ചേർത്തിട്ടുള്ളത്. ഈടാക്കിയ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് | ഭാഗം/ | ഈടാക്കിയ തുക | ഒടുക്കിയ | രശീത് |
|---|---|---|---|---|

| വർഷം | ഖണ്ഡിക | | സ്ഥാപനം | നമ്പർ തീയതി |
|---|---|---|---|---|
| 2018-19 | 1-12(4) | 2500 | ചേരാനല്ലൂർ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 119010106171 തീയതി 13.03.2020 |
| 2018-19 | 1-12(1) | 2500 | ഒക്കൽ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 119010105060 തീയതി 23.01.2020 |
| ആകെ | | 5000 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഒന്നും തന്നെ തീർപ്പാക്കാൻ അവശേഷിക്കുന്നില്ല.

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 43552397 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 43487387 |
| വരവിനങ്ങളിലുള്ള നഷ്ടം | 2850 |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 27700 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | വരവിനങ്ങളിലെ നഷ്ടം | ചെലവിനങ്ങളിലെ നഷ്ടം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1-1<br>2-1-3 | 1050 | - | ശ്രീ.മുഹമ്മദ് സിറാജ് പി.എ, സെക്രട്ടറി |
| 2-1-2 | 1800 | | ശ്രീമതി.ജിജി ബി., അസി. സെക്രട്ടറി (സെക്രട്ടറി ഇൻ -ചാർജ്) |
| ആകെ | 2850 | - | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 27700 | ശ്രീമതി ജയശ്രീ ആർ,ഹെഡ്മിസ്ട്രസ്, ജി എൽ പി എസ് |
| ആകെ | 27700 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ജിജി ബി., അസി. സെക്രട്ടറി (സെക്രട്ടറി ഇൻ -ചാർജ്) | അസിസ്റ്റന്റ് സെക്രട്ടറി, ഒക്കൽ ഗ്രാമപഞ്ചായത്ത് | മുണ്ടയ്ക്കൽ ഹൗസ്, അല്ലപ്ര പി.ഒ, ഓർക്കിഡ് നഗർ, പെരുമ്പാവൂർ |
| ശ്രീ. മുഹമ്മദ് സിറാജ് പി.എ, സെക്രട്ടറി | വിരമിച്ചു | പാറേലി ഹൗസ്, മുട്ടം, ചൂർണ്ണിക്കര പി.ഒ |
| ശ്രീമതി ജയശ്രീ ആർ, ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്, ജി എൽ പി എസ്, ഒക്കൽ | പോണേംപിള്ളി ഹൌസ്, വളയൻചിറങ്ങര പി ഒ, വളയൻചിറങ്ങര |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2000-01 | എൽ എഫ് ഇ (പി2)/59/07 തീയതി:09.02.2007/17.04.2007 |
| 2001-02 | എൽ എഫ് ഇ (പി2) /60/07 തീയതി: 9.02.2007/02.07.2007 |
| 2002-03 | എൽ എഫ് ഇ (പി2)/133/10 തീയതി:23.12.2010/03.05.2011 |
| 2003-04 | എൽ എഫ് ഇ (പി2) /134/10 തീയതി:23.12.2010/03.05.2011 |
| 2004-05 | എൽ എഫ് ഇ (പി2) /135/10 തീയതി:23.12.2010/03.05.2011 |
| 2005-06 | എൽ എഫ് ഇ (പി2) /136/10/ തീയതി:23.12.2010/03.05.2011 |
| 2006-07 | എൽ എഫ് ഇ (പി2) /137/10 തീയതി:23.12.2010/03.05.2011 |
| 2007-08 | എൽ എഫ് ഇ (പി2) /943/11 തീയതി:09.03.2012/16.04.2012 |
| 2008-09 | എൽ എഫ് ഇ (പി2) 944/11 തീയതി:09.03.2012/16.04.2012 |
| 2009-10 | എൽ എഫ് ഇ (പി2) 1845/11 തീയതി:21.10.2011/10.11.2011 |
| 2010-11 | എൽ എഫ് ഇ (പി2)1846/11 തീയതി:21.10.2011/10.11.2011 |
| 2011-12 & 2012-13 | എൽ എഫ് ഇ (പി2) 1339/2014 തീയതി: 08.01.2015 |
| 2013-14 & 2014-15 | കെ.എസ്.എ.ഇ.കെ.എം. (പി2) 2023/2015 തീയതി: 08.01.2016 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം. (പി2) 1989/2016 തീയതി: 07.12.2016 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം. (പി2) 1922/2017 തീയതി: 22.11.2017 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം. (പി2)121/2019 തീയതി: 06.02.2019 |
| 2018-19 | .കെ.എസ്.എ.ഇകെഎം(പി.2)06/2020 തീയതി :24.01.2020 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ല

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ഒക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

എറണാകുളം ജില്ലയിലെ ഒക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്